പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6384 | 08.11.2016ൽ മറുപടിക്ക്

## കേരള പോലീസിൽ ഹവിൽദാരായി നിയമിക്കാൻ അനുമതി

| ചോദ്യം<br>ശ്രീ. എം.എം. മണി | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ)16.09.2014-ലെ G.O(MS)No.183/2014/Home പ്രകാരം വിവിധ കായിക ഇനങ്ങളിൽ മികവ് തെളിയിച്ചിട്ടുള്ള കായിക താരങ്ങളെ കേരള പോലീസിൽ ഹവിൽദാരായി നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; | എ)16.09.2014-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 183/2014/ആഭ്യന്തരം പ്രകാരം വിവിധ കായിക വിഭാഗങ്ങളിലായി ആകെ 107 പേരെ, കേരളാ പോലീസിൽ ഹവിൽദാർ-മാരായി നിയമിക്കുന്നതിന് തിരഞ്ഞെടു-ക്കുവാൻ അനുവാദം നൽകിയിട്ടുള്ളതാകുന്നു. അത്‌ലെറ്റിക്സ് - 21, വോളീബോൾ-6, ബാസ്കറ്റ്ബോൾ-8, ഫുട്ബോൾ - 6, സ്വിമ്മിംഗ്-12, വാട്ടർപോളോ-12, ഹാൻഡ് ബോൾ-12, ജൂഡോ-10, കനോയിംഗ്-10, കയാക്കിംഗ്-10 |
| ബി) ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ; നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാ-ണെന്നും, നിയമനം എന്നത്തേക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ; | ബി)പ്രസ്തുത നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയും, അപേക്ഷകളുടെ സൂക്ഷ്മ പരിശോധനകൾക്ക് ശേഷം നിശ്ചിത യോഗ്യത-യുള്ളവരെ കായിക മികവ് തെളിയിക്കാനുള്ള ട്രയൽസിൽ പങ്കെടുക്കാൻ തെരഞ്ഞെടുത്തു. കേരള പോലീസിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി രൂപീകരിച്ച വിദഗ്ധ സമിതി ട്രയൽസ് നടത്തി സമർപ്പിച്ച സെലക്ട് ലിസ്റ്റ് സർക്കാർ പരിശോധിച്ചു വരികയാണ്. |
| സി) എത്ര കായികതാരങ്ങൾക്കാണ് നിയമനം നൽകാൻ തീരുമാനിച്ചിട്ടുള്ളത്; ഉത്തരവിന്റെ പകർപ്പ് നൽകുമോ; | സി) സാങ്കേതിക കാരണങ്ങളാൽ കനോയിംഗ്, കയാക്കിംഗ്, വോളീബോൾ എന്നീ കായിക ഇനങ്ങളിലെ തെരഞ്ഞെടുപ്പ് പൂർത്തിയായിട്ടില്ല. നിലവിൽ 74 പേരുടെ പട്ടികയാണ് സർക്കാ-രിന്റെ പരിഗണനയിലുള്ളത്. |
| ഡി) പ്രസ്തുത നിയമനം അടിയന്തരമായി നടത്തുവാൻ നടപടി സ്വീകരിക്കുമോ? | ഡി) സെലക്ട് ലിസ്റ്റിന്റെ വിശദമായ പരിശോ-ധനയ്ക്കുശേഷം സർക്കാർ ഈ വിഷയത്തിൽ അന്തിമ തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ